പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

# <u>ഇന്ദിരാ ആവാസ് യോജന</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1396 — 15.02.2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ഇന്ദിരാ ഗാന്ധി ആവാസ് യോജന പ്രകാരം (ഐ.എ.വൈ) അനുവദിച്ച വീടുകളുടെ പരമാവധി തറ വിസ്തീർണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | ഐ.എ.വൈ. പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള വീടുകളുടെ പരമാവധി തറ വിസ്തീർണ്ണം 20 m$^2$ – 25 m$^2$ ആണ്. എന്നാൽ സംസ്ഥാന സർക്കാർ യൂണിറ്റ് കോസ്റ്റ് പൊതുവിഭാഗങ്ങൾക്ക് 2 ലക്ഷമായും, പട്ടികജാതി വിഭാഗങ്ങൾക്ക് 3 ലക്ഷമായും, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 3.5 ലക്ഷമായും വർദ്ധിപ്പിച്ചതിനാൽ വീടുകളുടെ തറ വിസ്തീർണ്ണം 60 m$^2$ ആയി ഉയർത്തുകയുണ്ടായി. പിന്നാലെ ഗുണഭോക്താക്കളുടെ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ തറ വിസ്തീർണ്ണം 66 m$^2$ ആയി ഉയർത്തുകയുണ്ടായി. ഇത്തരത്തിൽ തറ വിസ്തീർണ്ണം വർദ്ധിപ്പിച്ചപ്പോൾ വേണ്ടത്ര അറിവില്ലായ്മമൂലം പല ഗുണഭോക്താക്കളും 66 m$^2$ ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുകയും, അവയ്ക്ക് സർക്കാരിന്റെ സാധൂകരണം തേടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2014-15 വരെ 82.5 m$^2$ വരെ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നു. 2015-16 സാമ്പത്തിക വർഷം മുതൽ വീടുകളുടെ പരമാവധി തറ വിസ്തീർണ്ണം 66 m$^2$ ആയി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പരമാവധി തറ വിസ്തീർണ്ണത്തിലധികം വിസ്തീർണ്ണമുള്ള വീടുകളുടെ എഗ്രിമെന്റ് വെച്ചവർക്ക് ചില നിബന്ധന കൾക്ക് വിധേയമായി ഏതെങ്കിലും വർഷം അനുവദിച്ച തുക മുഴുവനായും ലഭ്യമാക്കിയിട്ടുണ്ടോ; | (ബി) | പരമാവധി വിസ്തീർണ്ണത്തിൽ അധികരിച്ച് വീട് നിർമ്മിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. |
| (സി) | ഉണ്ടെങ്കിൽ അതേ നിബന്ധനകൾ പാലിച്ച് കഴിഞ്ഞ സാമ്പത്തിക വർഷം എഗ്രിമെന്റ് വെച്ചവർക്ക് കൂടി പ്രസ്തുത ആനുകൂല്യം നൽകി ഉത്തരവ് പുറപ്പെടുവിക്കുമോ? | (സി) | 2014-15 സാമ്പത്തിക വർഷം വരെ അനുവദിക്കപ്പെട്ടിട്ടുള്ള പരമാവധി തറ വിസ്തീർണ്ണം 82.5 m$^2$ ആണ്. 82.5 m$^2$ അധികരിച്ച് വീട് നിർമ്മാണം നടത്തിയിട്ടുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം പൂർണ്ണമായും നൽകുന്നതിന് നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ